## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്.

**പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ**

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - ശ്രീ.നസീർ.എസ്, ജൂനിയർ സൂപ്രണ്ടിന്റെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാടിന്റെ 06.02.2020 തീയതിയിലെ ഇ5-8693/2012 നമ്പർ കത്ത്.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) 22.07.2009 തീയതിയിലെ ഇ5-17771/09 നമ്പർ ഉത്തരവ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.12.2014 തീയതിയിലെ ബി7-31190/04 നമ്പർ ഉത്തരവ്.
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇ3-12112/14 തീയതി 05.06.2015 നമ്പർ ഉത്തരവ്.
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇ3-1100/18 തീയതി 29.06.2018 നമ്പർ ഉത്തരവ്.
6. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.12.2018 തീയതിയിലെ ഇ5-15459/18 നമ്പർ ഉത്തരവ്.
7. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.01.2020 തീയതിയിലെ ഇ5-7063/19 നമ്പർ ഉത്തരവ്.
8. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6/20/വനം തീയതി 06.01.2020.

### ഉത്തരവ് നമ്പർ ഇ5-7063/19 തീയതി 24.12.2020.

സൂചന (1) പ്രകാരം ശ്രീ.നസീർ.എസ്, ജൂനിയർ സൂപ്രണ്ടിന്റെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള അപേക്ഷ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മണ്ണാർക്കാട് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ.നസീർ.എസ് 01.08.1995-ൽ വനം വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ചു. 01.06.2004 പ്രാബല്യത്തിൽ ടിയാന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. സൂചന (2) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ 01.07.2009 പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 185-ാമതാണ്. സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവരവേ ടിയാനെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി സൂചന (3) പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ 10-ാംസ്ഥാനം താഴ്ത്തുവാൻ ഉത്തരവായിരുന്നു. ടി ഉത്തരവിൻ പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ 185-ാം സ്ഥാനത്തായിരുന്ന ടിയാനെ 10-ാം സ്ഥാനം താഴ്ത്തി 195-ാം സ്ഥാനത്തുള്ള ശ്രീമതി.സജീന.എ-യ്ക്ക് ശേഷം പുനഃക്രമീകരിക്കുകയും ചെയ്തു. തുടർന്ന് സൂചന (4), (5) എന്നിവ പ്രകാരം ഹെഡ് അക്കൗണ്ടന്റായും ജൂനിയർ സൂപ്രണ്ടായും ടിയാന് പ്രൊമോഷൻ ലഭിച്ചു.

സൂചന (6) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 10-ാമതും സൂചന (7) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ടന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 36-ാമതുമാണ്.

ശ്രീ.നസീർ.എസ്-ന് എതിരെയുള്ള അച്ചടക്കനടപടിയിന്മേൽ ടിയാനെ കുറ്റവിമുക്തിനാക്കി സൂചന (8) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴ്ത്തപ്പെട്ട ടിയാന്റെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകേണ്ടതുണ്ട്. ആയതുപ്രകാരം 01.07.2009 പ്രാബല്യത്തിലുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 185-ാമതായും ഹെഡ് അക്കൗണ്ടന്റുമാരുടെ 01.09.2017 പ്രാബല്യത്തിലുള്ള ലിസ്റ്റിൽ ക്രമനമ്പർ (2) ശ്രീമതി.ചിത്ര.പി-യ്ക്കും ക്രമനമ്പർ (3) ശ്രീ.സുരേഷ്കുമാർ.എസ്-നും മദ്ധ്യേ ആയിട്ടും ജൂനിയർ സൂപ്രണ്ടുമാരുടെ 01.01.2020 പ്രാബല്യത്തിലുള്ള ലിസ്റ്റിൽ ക്രമനമ്പർ (29) ശ്രീമതി.ചിത്ര.പി-യ്ക്കും ക്രമനമ്പർ (30) ശ്രീ.സുരേഷ്കുമാർ.എസ്-നും മദ്ധ്യേ സ്ഥാനത്തിനുള്ള അർഹതയുണ്ടെന്ന് കാണുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ 01.07.2009 പ്രാബല്യത്തിലുള്ള സീനിയർ ക്ലാർക്കുമാരുടെ പ്രാബല്യത്തിലുള്ള ക്രമനമ്പർ (184) ശ്രീമതി.ചിത്ര.പി-യ്ക്കും ക്രമനമ്പർ (186) ശ്രീ.സുരേഷ്കുമാർ.എസ്-നും മദ്ധ്യേ ക്രമനമ്പർ (185)-ാമതായും, 01.09.2017 പ്രാബല്യത്തിലുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ (2) ശ്രീമതി.ചിത്ര.പി-യ്ക്കും ക്രമനമ്പർ (3) ശ്രീ.സുരേഷ്കുമാർ.എസ്-നും മദ്ധ്യേ (2A) ആയും ജൂനിയർ സൂപ്രണ്ടുമാരുടെ 01.01.2020 പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ (29) ശ്രീമതി.ചിത്ര.പി-യ്ക്കും ക്രമനമ്പർ (30) ശ്രീ.സുരേഷ്കുമാർ.എസ്-നും മദ്ധ്യേ (29-A) ആയി ശ്രീ.നസീർ.എസ്-ന്റെ സ്ഥാനം പുനഃക്രമീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

D.Dy(C/4)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

To

ശ്രീ.നസീർ.എസ്-, ജൂനിയർ സൂപ്രണ്ട്-ന് (മേലധികാരി മുഖേന).

പകർപ്പ്:

1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മണ്ണാർക്കാടിന്. ശ്രീ.നസീർ.എസ്, ജൂനിയർ സൂപ്രണ്ട്-ന്റെ സർവ്വീസ് ബുക്ക് സഹിതം ഇതോടൊപ്പം അയയ്ക്കുന്നു. സർവ്വീസ് ബുക്ക് കൈപ്പറ്റി രസീത് നൽകേണ്ടതാണ്.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി)-വനംവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി നൽകുന്നു.
2. ഇ3-സെക്ഷന് തുടർനടപടികൾക്കായി നൽകുന്നു.
3. സ്റ്റോക്ക് ഫയൽ